H-S. 3399

പറവകൾ

TANA PICTURE MART, SIVAKASI

H·S·3399

പറവകൾ

പറവകൾ

★

മടത്തുംപടി ശിവശങ്കരൻ.

★

SHEE NARASIMHA VILASOM
SHERTALLAY
Kerala State
BOOK DEPOT THURAVOOR

പ്രസിദ്ധീകരണം:

കേരളാ ബുക്ക് ഹൌസ്,

കൊടുങ്ങല്ലൂർ.

വില 50 നപ.

PARAVAKAL

(Poems for Children)

Author:

MADATHUMPADY SIVASANKARAN.

Copies: 1000.

1st. Edition January 1962.

Price: 50 nP.

Published by:

KERALA BOOK HOUSE,

CRANGANORE.

Printed at

PRAKASAM PRESS,

IRINJALAKUDA.

തെങ്ങ്.

പച്ചപ്പീലിക്കുട നീർത്തീ,
കൊച്ചുകരിക്കിൻകുലചാർത്തീ
കാററത്തങ്ങിനെ കളിയാടി-
ക്കാണും തെങ്ങാണൊരുമോടി!

വെയിലുംകൊണ്ടു നടപ്പോരേ,

വഴിയിൽക്കൂടിപ്പോവോരേ

ഇത്തണൽതന്നിലിരിയ്ക്കാലോ,

ഇത്തിരി കാററം കൊള്ളാലോ

ഇളനീരൊന്നു കുടിയ്ക്കാലോ

ഇനിയാ ദാഹം തീർക്കാലോ

എങ്ങുണ്ടിതുപോലുപകാരി?

പൊങ്ങിക്കാണും മരജാതി.

കുഞ്ഞിപ്പക്ഷി.

കുഞ്ഞിപ്പക്ഷീ! കുരുവിപ്പക്ഷി!

കുഞ്ഞിക്കാററു വരുന്നല്ലോ

ഇങ്ങിനെ കുത്തിയിരുന്നാൽ മാവിൻ

കുഞ്ഞിച്ചില്ലയൊടിഞ്ഞാലോ?

കാററിനി വലുതായ് വന്നാൽ നിന്നുടെ

കയ്യും കാലും തളരില്ലെ?

പാട്ടുംപാടിപ്പാറിയങ്ങിനെ

കൂട്ടിൽ ചെല്ലാൻ കഴിയില്ല

നിന്നുടെ വരവും നോക്കീയങ്ങനെ

അമ്മയിരിയ്ക്കുന്നുണ്ടാകും

കുഞ്ഞിപ്പക്ഷീ! കുരുവിപ്പക്ഷീ!

കുഞ്ഞിക്കാററവും വലുതായി

എന്തിന്നു പൊക്കിക്കൂട്ടുണ്ടാക്കീ?

എങ്ങിനെ ഞങ്ങളു കൊണ്ടാക്കും?

കുഞ്ഞിപ്പക്ഷീ! കുരുവിപ്പക്ഷീ!

കുഞ്ഞിക്കാററു കൊടുങ്കാററായ്.

കണ്ണട.

കണ്ണടവയ്ക്കുന്നമ്മാവൻ

കണ്ണിനൊരിത്തിരി കേടത്രേ!

കമ്പി വളച്ചു പിടിപ്പിച്ച്,

അമ്പിളിപോലെ ചിൽവച്ച്,

പണ്ടൊരു തട്ടാനുണ്ടാക്കീ,

കണ്ടാലാരും നോക്കീപ്പോം
പുസ്തകമൊന്നു തുറന്നീട്ടു്
ഇത്തിരിനേരമിരുന്നീട്ടു്
കണ്ണട താഴ്ത്തുന്നമ്മാവൻ,
കണ്ണല്ലെങ്കിൽ കാണില്ല.
കണ്ണു കടിച്ചുതുടങ്ങുമ്പോൾ
വെള്ളമൊലിച്ചുതുടങ്ങുമ്പോൾ
കണ്ണട നീക്കുന്നമ്മാവൻ
കണ്ണു തുടയ്ക്കാൻ കൈകൊണ്ടു്,
പിന്നെക്കണ്ണട വയ്ക്കില്ല
പുസ്തകമെന്നാൽ വായിക്കും
എങ്ങിനെയാണെന്നറിയില്ല
ഞങ്ങൾ ചിരിച്ചാൽ തല്ലല്ലേ!
ഇപ്പൊഴുമെന്തിനു വയ്ക്കുന്നു
ഇങ്ങനെ കണ്ണടയമ്മാവൻ?



ആമ.

ആന ചവിട്ടി നടന്നാലും

ആമയ്ക്കൊന്നും പററില്ല

ച്യുററികകൊണ്ടു തൊഴിച്ചാലും

ചെററം മേനിയനങ്ങില്ല

നീങ്ങിപ്പോവതു കണ്ടാലോ
നിന്നുചിരിയ്ക്കും നാമെല്ലാം
ഒന്നു പതുക്കെ മറിച്ചിട്ടാൽ
പിന്നെയനങ്ങില്ലവനൊട്ടും
അടുത്തുനിന്നാലും പോയീടിൽ
കഴുത്തു മെല്ലെ നീട്ടീടും
പിടിച്ചുനിത്താൻ നോക്കീടിൽ
വഴക്കിയുള്ളിൽ പോയീടും.

അമ്മൂമ്മ.

കാലും കയ്യുമനങ്ങില്ല

കോലം കണ്ടോ സഹിയ്ക്കില്ല

കണ്ണാണെങ്കിൽ കാണില്ല

തൊണ്ണ ചവയ്ക്കാൻ പററില്ല
ഇങ്ങിനെ കുത്തിയിരിക്കുന്നു
ഞങ്ങടെ നാട്ടിലെയമ്മൂമ്മ.

വെററില തിന്നാൻ തോന്നുന്നു
വട്ടിയിലങ്ങിനെ നോക്കുന്നു
കണ്ണു നനഞ്ഞുതുടങ്ങുന്നു
കാലം പോയതുമോക്കുന്നു
കഥ പറയില്ലിനി അമ്മൂമ്മ
കരളു കിടന്നു പിടയ്ക്കുന്നു
ഞങ്ങടെ നാട്ടിലെയമ്മൂമ്മേ
ഞങ്ങളു ചുററം നില്ക്കുന്നു!

കുഞ്ഞാടു്.

ചാടിച്ചാടിപ്പാഞ്ഞീടും
വേടിച്ചങ്ങിനെ നോക്കീടും
കുഞ്ഞാടിങ്ങനെ പോകുമ്പോൾ
നെഞ്ഞിലൊരിക്കിളി തോന്നീടും.



പുല്ലിൻക്കൂമ്പു കടിയ്ക്കുമ്പോൾ
പല്ലുകൾ തമ്മിലുരുമ്മീടും
ഇങ്ങിനെ വേഗം തിന്നാന്നീ
കുഞ്ഞാടെന്നു പഠിച്ചാവോ?

ഓടിനടന്നു തളൎന്നീടും
ഓരോ തണലും നോക്കീടും
നല്ലൊരു തണലിലണഞ്ഞീടിൽ
മെല്ലെത്തലയും ചായ്ച്ചീടും!

മല.

വാനിനെ മുട്ടിയുരുമ്മീടും
വലിയ മരത്തിൻ കൂട്ടങ്ങൾ
കത്തിപ്പാഞ്ഞങ്ങൊഴുകീടും
കാട്ടാറുകൾതൻ ചാട്ടങ്ങൾ

വായ തുറന്നു നടന്നീടും
വരിയൻപുലിതൻ പററങ്ങൾ
ഗർജ്ജനമോടെയലഞ്ഞീടും
ധൂർജ്ജടിതന്നുടെ നേട്ടങ്ങൾ
കാട്ടിൽ കൂട്ടംകൂടീടും
കാട്ടാനകൾതന്നോട്ടങ്ങൾ
തലയും പൊക്കി നിന്നീടും
തടിയൻ മലയുടെ നേട്ടങ്ങൾ!

കാററിനെയങ്ങു തടഞ്ഞീട്ടാ–
ക്കൂററൻ മഴയും പെയ്യിക്കും!

പൂങ്കോഴി.

പല നിറമുള്ളൊരുടുപ്പുണ്ടു്

പടവാൾപോലൊരു വാലുണ്ടു്,

പടപൊരുതാനും കഴിവുണ്ടു്,

പൂങ്കോഴിയ്ക്കാരെതിരുണ്ടു്?

ഉളിപോലുള്ളൊരു കൊക്കില്ലേ
ഉരലും കൊത്തിയുടയ്ക്കില്ലേ
അരിമണി കൊത്തിയെടുക്കുമ്പോൾ
അവൻെറ വേഗത കാണണ്ടേ!
തലയിൽ കാണും പൂവില്ലേ
തളരില്ലെന്നും, കണ്ടില്ലേ
കാലത്തുണരണമെന്നുണ്ടോ?
കാര്യം നേരത്തെ പറഞ്ഞേക്കൂ!

നായ.

കണ്ണുമടച്ചു കിടന്നീടുന്നൊരു
കള്ളൻ നായേക്കണ്ടോ?
കാററത്തിലയൊന്നൊങ്ങാൻ വീണാൽ
കുററനെഴുന്നേററോടും

കണ്ടതു കണ്ടതു നോക്കിപ്പായും
കണ്ടാലാരും ഞെട്ടും
പിള്ളേരെങ്ങാനരികേ പോയാൽ
പുള്ളിക്കാരൻ ചാടും
വായ തുറന്നാലാരും വേഗം
വീട്ടിൽക്കയറിയിരിക്കും
ഇത്തിരി വല്ലതുമൊന്നു കൊടുത്താൽ
ഇഷ്ടത്തോടെയെടുക്കും
ഒന്നു പതുക്കെ വിളിച്ചാൽ മതിയവ-
നൊപ്പം പോരും പോരും
റെഡിയല്ലേയവനെന്തിനുപോലും
റൗഡിയല്ലെന്തൊരു ശൗര്യം!
എന്നും വയറു നിറയ്ക്കുവതെങ്ങിനെ-
യെന്നാണല്ലേ കാര്യം!

തത്തമ്മ.

തത്തിനടക്കും തത്തമ്മേ

ഇത്തിരിന്നേരം നില്ക്കമ്മേ!

പുത്തിരിയവിലു കൊറിയ്ക്കണ്ടേ



ഇത്തിരിനേരം പാടേണ്ടേ
ഇന്നലെയെന്തേ കണ്ടില്ല?
ഇങ്ങിനെയായാൽ പററില്ല
ഇന്നലെയെവിടെപ്പോയീ നീ?
ഇന്നെവിടെന്നു വരുന്നു നീ?
എന്തിനു നിന്നു വിറയ്ക്കുന്നു?
എന്താണെന്നു പറഞ്ഞോളൂ
പാട്ടു, പാട്ടു തത്തമ്മേ!
ഓടരുതിനി നീ തത്തമ്മേ
ഞങ്ങടെ കൂടെയിരുന്നാലേ
അമ്മ വിളിക്കും ചോറുതരും
പാലും പഴവും തന്നാലേ
പാടാനെന്നും വന്നൂടെ?

കുട്ടനോടു്.

കൂത്താടുന്നൊരു കുട്ടൻ നീ!

കുത്തിമറിയ്ക്കരുതെന്നോ നീ

നിന്നെക്കാണാൻ വന്നു ഞാൻ

എന്നെ മറിയ്ക്കരുതനിയാ നീ.

പച്ചപ്പുല്ലു പറിച്ചുതരാം

കൊച്ചരികൊണ്ടൊരു കഞ്ഞി തരാം

അമ്മ കുളിയ്ക്കാൻ പോകുമ്പോൾ

അഞ്ചു പഴം ഞാൻ തന്നേക്കാം

പൊൻവള വേണോ പണിത്തുതരാം

പൊൻമണി വേണോ ഉടനെ തരാം.

പാഞ്ഞുനടന്നു തളർന്നാലേ

പാലു ചുരത്തിക്കിട്ടില്ലേ

എന്റമ്മയിനിയെടുക്കില്ലാ

നിന്റമ്മയുടെ പാൽ മുഴുവൻ.

അമ്മകിടന്നു വിളിയ്ക്കുന്നു

എന്നാലിനി ഞാൻ പോകുന്നു

അമ്മയോടൊന്നും പറയരുതേ

എന്നുടെ തൊടയോ പൊളിയരുതേ.

പൂവിനോട്.

പുഞ്ചിരി വാരി വിതറീടുന്ന

അഞ്ചിതാം പൂവേ! നീയെന്റെ കണ്ണിൽ

കോരിച്ചൊരിയും കതിരുകൾ ഞാൻ

കോരിത്തരിപ്പോടെയാസ്വദിപ്പൂ

ഇന്നലെ മൊട്ടായിരുന്ന നീയി-
നിങ്ങനെയാകുമെന്നാരറിഞ്ഞു?
നാളെ നീയെന്താകാൻ പോയിടുന്നു?
നാളത്തെ കാര്യവുമാരറിഞ്ഞു?
വാടിത്തളൎന്നു നീ വീണിടാതേ,
വാടാമലരായി നിന്നിടാമോ?
മണ്ണിൽ നീ വീണു ചമച്ചിടാമോ?
കണ്ണിനു കൌതുകമേകിടാമോ?

ഉണ്ണാൻ വന്നോളൂ.

പൂച്ചക്കുഞ്ഞേ! പൂച്ചക്കുഞ്ഞേ!!

ഉച്ചയ്ക്കുണ്ണാൻ വന്നോളൂ

കൊച്ചരികൊണ്ടൊരു ചോറുണ്ടാക്കി

കിച്ചടിചേർത്തു കുഴച്ചുതരാം

ഒട്ടം മുളകു കലൎത്താതൊരുനൽ
ക്കൂട്ടാനും ഞാൻ വച്ചുതരാം.
കാച്ചിയ പപ്പടമഞ്ചാറെണ്ണം
കൊച്ചിലയിട്ടതിൽ വച്ചുതരാം
വെള്ളിക്കിണ്ണം മുൻപിലുവ'ച്ചൊരു
തുള്ളിപ്പാലുമൊഴിച്ചുതരാം.
"മ്യാവൂ, മ്യാ്വൂ" എന്നു പറഞ്ഞിനി
മാറിനടക്കരുതിവിടെങ്ങും
പാലുകുറക്കിയതിത്തിരിയെന്നുടെ
പാത്രംതന്നിലിരിപ്പുണ്ടു്
തക്കംനോക്കി നടന്നിനി നീയതു
നക്കിയെടുത്തു കടക്കരുതു്
പൂച്ചക്കുഞ്ഞേ! പൂച്ചക്കുഞ്ഞേ!!
ഉച്ചയ്ക്കുണ്ണാൻ വന്നോളൂ!

സന്ധ്യ.

അങ്ങുപടിഞ്ഞാറണഞ്ഞു — സൂര്യ-
നെങ്ങുമിരുള് പരന്നു
വീടുകൾ തേടിപ്പറന്നു — പക്ഷി
വൃന്ദങ്ങളെല്ലാം മറഞ്ഞു
അമ്പിളി മെല്ലെയുയർന്നു — വാനിൽ
ചന്ദ്രികയെങ്ങും പരന്നു,
താരകൾ കണ്ണുതുറന്നു — നൃത്തം
താളമോടങ്ങു തുടർന്നു

കാണുവാനെന്തൊരു ഭംഗി — എങ്ങും
കാഴ്ചകളിങ്ങനെ തിങ്ങി!
എന്തൊരു സൌന്ദര്യമെങ്ങും — നോക്കു
എന്തൊരു സൌഭാഗ്യമെങ്ങും
മായാതെയിങ്ങനെ നിന്നാൽ — ഈ നൽ
മാത്രകളെന്നുമേ മന്നിൽ!

എൻെറ നാട്.

പച്ചയാം കാടുകളും, കൊച്ചുനെൽപ്പാടങ്ങളും
പിച്ചവെച്ചീടുന്ന പൈങ്കിളികളും
പാലുചുരത്തും പശുക്കളും, പലപല
പക്ഷികളും, പാടുന്ന പൊന്മുളകളും
തെന്നലിലോളം തുളുമ്പിക്കിടക്കുന്ന
തോടുകളും, താമരപ്പൂമ്പൊയ്കകളും
എൻെറ നാടെത്ര മനോഹരം! പൂക്കളാ-
ലെന്നുമലംകൃതം! ശാന്തം! ശാന്തം!!
തുള്ളിക്കളിച്ചു നടക്കുന്ന തുമ്പികളും
വള്ളിപ്പടർപ്പുകളും തേൻകനികളും
കാററിൽ തലയാട്ടി നില്ക്കും കുലവാഴ-
ക്കൂട്ടങ്ങ,ളെത്ര തരുനിരകളും
ഇങ്ങോട്ടു വന്നൊന്നു നോക്കുകിലമ്മമ്മ!
പുന്നെൽക്കതിരിൻെറ ഭംഗി കാണാം!